# നീലത്തുരുത്ത്

Jalin




ഏഴുകടലും കടന്നു ഞാനജ്ഞാത
തീരങ്ങൾ തേടിയിങ്ങെഞ്ഞി
നീലത്തുരുത്തിതിലത്ഭുത നാഗങ്ങൾ
കാവലിരിക്കുമീക്കാവിൽ

ഒരു കുടം വെള്ളവുമൊക്കത്തു വച്ചൊരു
മഴമുകിൽ മാനത്തു വന്നു.

തരിവളക്കൂട്ടം കിലുങ്ങി; കുലുങ്ങുന്ന
പദസരം മെല്ലെയുരുമ്മി.

ദാഹാർത്തനായീ മരുഭൂവിലേറെ നാൾ
ഞാനലഞ്ഞേകാന്ത പാന്ഥൻ.

ഈക്കൊടും വേനലിലെങ്ങോ തണൽമര–
ച്ഛായകൾ നോക്കി നടന്നു.

വാടിത്തളർന്നുപോയെങ്കിലും വീഴാതെ
പാഴ്മണൽക്കാടുകൾ താണ്ടി

അറ്റങ്ങൾ കാണാത്തൊരീവഴിത്താരയിൽ
ദിക്കുകൾ പോലും മറന്നു.

ചക്രവാളങ്ങൾക്കുമപ്പുറമേകാന്ത
സന്ധ്യ മയങ്ങുന്ന നേരം

ഏഴുകടലും കടന്നു ഞാനജ്ഞാത
തീരങ്ങൾ തേടിയിങ്ങെത്തി

നീലത്തുരുത്തിതിലത്ഭുത നാഗങ്ങൾ
കാവലിരിക്കുമീക്കാവിൽ.

പുഷ്പതാലങ്ങളും കൈകളിലേന്തിയെൻ
മുന്നിലേയ്ക്കെത്തി വസന്തം.

ലാവണ്യ ചന്ദ്രികയിക്കൽ നീരാടുവാൻ
ഹേമന്ത രാവുകൾ വന്നു.

ചുറ്റിലുമെന്നെപ്പൊതിഞ്ഞു വളരുന്നു
വല്മീകം; ഞാനതിന്നുള്ളിൽ

നിഷ്പന്ദദീപമായ് കത്തിയെരിയുന്നു
നിശ്ചലം, ധ്യാനവിലീനം.

എന്റെ മനസിന്റെ ശ്രീകോവിൽ മുന്നിലെ
സ്വർണ്ണപ്പടവുകൾ കേറി

ഈറനായ്, സംക്രമസന്ധ്യ വന്നെന്തിനോ
മൂകയായ് നോക്കി നിൽക്കുന്നു.

ത്രേതായുഗത്തിലഹല്യയെപ്പോലെയീ
നാലമ്പലത്തിനു ചുറ്റും

നീലക്കരികൽപ്രതിമകൾക്കുള്ളിലെ
ദൈവങ്ങളുൾക്കണ്ഠയോടെ

ജീവന്റെ ചൈതന്യധാരയും കാത്തിങ്ങു
നീളും പ്രതീക്ഷയിൽ നില്പൂ.

കർപ്പൂരധൂമങ്ങൾ ഭിത്തികളില്ലാതെ
ചിത്രം വരയ്ക്കുമീ നേരം

ആത്മാവിലൂറുമീ നവ്യസൗരഭ്യത്തിൽ
ഞാനലിഞ്ഞില്ലാതെയാകെ

എന്റെയേകാഗ്രമാം തീവ്രതപസിന്റെ-
യുഗ്രമീച്ചൂടിലുരുക്കി

സാഗര രാജകുമാരി! നിനക്കു ഞാൻ
തീർത്തതാണിപ്പൊൻകിരീടം.■